പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3541** **08.11.2019 ൽമറുപടിയ്ക്ക്**

**ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്**

| | **ചോദ്യം**<br>**ശ്രീ.സി. ദിവാകരൻ** | | **മറുപടി**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | ഗതാഗത വകുപ്പ് ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ നടത്തുന്ന പരിശോധനയിലൂടെ നാളിതുവരെയായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന വാഹന പരിശോധനയിലൂടെ ഇതുവരെ 11,082 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 21/04/2019-ലെ സംഭവത്തിൽ ഉൾപ്പെട്ട സ്വകാര്യ ബസ്സുകളിലെ ഡ്രൈവർമാരുടെ ലൈസൻസുകൾ ഒരു വർഷത്തേക്ക് സസ്പെന്റ് ചെയ്തു. ഇത്തരം അന്തർ-സംസ്ഥാന സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി ഇവയുടെ ബുക്കിംഗ് ഏജന്റുമാർക്ക് കേരള മോട്ടോർ വാഹന ചട്ടം 193 പ്രകാരമുള്ള LAPT ലൈസൻസ് നിർബന്ധമാക്കുന്നതിനും, പുതിയ നിബന്ധനകൾ ഏർപ്പെടുത്തി കൊണ്ടും ചട്ടങ്ങൾ നിർബന്ധമാക്കിക്കൊണ്ടും കേരള സർക്കാർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു. പുതിയ നിബന്ധന പ്രകാരം നാളിതുവരെ 10 LAPT ലൈസൻസുകൾ നൽകിയിട്ടുണ്ട്. 127 അപേക്ഷകൾ വിവിധ ജില്ലകളിലായി പരിഗണനയിലുണ്ട്. നിയമ സാധുത ഇല്ലാതെയും നിബന്ധനകൾ പാലിക്കാതെയും പ്രവർത്തിക്കുന്ന ബുക്കിംഗ് ഏജന്റുമാർക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നാളിതുവരെയായി ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സിലൂടെ പിഴയായി എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | Rs.4,27,77,850/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**